**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **08-08-2023 - ൽ മറുപടിയ്ക്ക്**

**അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനായുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീമതി വീണാ ജോർജ്ജ്** (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ 184, 165, 109 എന്നീ നമ്പറുകളിലുള്ള അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | (എ) സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കെട്ടിട നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമെയുള്ള ഒരു നിശ്ചിത തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാകാത്തതിനാൽ ഈ അങ്കണവാടികളെ വകുപ്പിന്റെ കെട്ടിടനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പ്രസ്തുത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | (ബി) സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കെട്ടിട നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമെയുള്ള ഒരു നിശ്ചിത തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാകാത്തതിനാൽ ഈ അങ്കണവാടികളെ വകുപ്പിന്റെ കെട്ടിടനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ